പക്ഷേ എംപവേർഡ് കമ്മിറ്റിയുടെയും സുപ്രീം കോടതിയുടെയും മുമ്പാകെ സ്റ്റേറ്റ് ഗവൺമെന്റ് സമർപ്പിച്ചിട്ടുള്ള ഗവൺമെന്റ് നിലപാട് റിപ്പെയർ ആന്റ് മെയിന്റനൻസുകൊണ്ട് ഈ ഡാം സുരക്ഷിതമാക്കാൻ കഴിയില്ല എന്നതാണ്. ഇനിയൊരു കോൺക്രീറ്റ് ബാക്കിംഗോ ഗ്രൗട്ടിംഗോ കേബിൾ ആങ്കറിംഗോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള സേഫ്റ്റി മെഷേഴ്സ് മുഖാന്തിരമോ ഈ ഡാം റിപ്പെയർ ചെയ്ത് മെയിന്റയിൻ ചെയ്യാൻ കഴിയില്ല അതുകൊണ്ടാണ് പുതിയ ഡാം എന്ന പ്രൊപ്പോസലിലേയ്ക്ക് വന്നിട്ടുള്ളത്. പുതിയ ഡാം എന്ന പ്രൊപ്പോസൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചില്ലെങ്കിൽപ്പോലും, അതിന്റെ സൈറ്റ് ലൊക്കേഷൻ പ്ലാൻ അടക്കമുള്ളവ നേരിൽപ്പോയി കണ്ട് അതിന്റെ സാധ്യതകളെ സംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പരിശോധിച്ചു വരികയാണ്. അതുകൊണ്ട് മാധ്യമ റിപ്പോർട്ടുകളിൻമേൽ ഇപ്പോൾ ഗവൺമെന്റ് പ്രതികരിക്കുന്നത് ശരിയല്ല.

(19) കൊരട്ടി ടൗൺ വികസനം

ശ്രീ. ബി. ഡി. ദേവസ്സി : സർ, എന്റെ നിയോജക മണ്ഡലത്തിൽ ചാലക്കുടിക്കും അങ്കമാലിക്കും ഇടയിലായി എൻ. എച്ച്. 47-ൽ സ്ഥിതി ചെയ്യുന്ന പ്രധാനപ്പെട്ട പട്ടണമാണ് കൊരട്ടി. വൈഗാ ത്രെഡ്സ്, ഇൻഫോ പാർക്ക്, കിൻഫ്രാ പാർക്ക്, ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സ് തുടങ്ങി നിരവധി സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ പട്ടണത്തോട് ചേർന്നാണ്. എൻ.എച്ച്. 47-ന്റേയും കൊരട്ടി റയിൽവേ ഓവർബ്രിഡ്ജിന്റേയും പണി നടക്കുന്നതിന്റെ ഭാഗമായി കൊരട്ടി ടൗണിലെ ഭൂരിഭാഗം കച്ചവട സ്ഥാപനങ്ങളും പൊളിച്ചു മാറ്റുകയുണ്ടായി. ടാക്സി സ്റ്റാന്റ്, ഓട്ടോറിക്ഷാ സ്റ്റാന്റ്, ബസ് പാർക്കിംഗ് ഏരിയ എന്നിവയും നഷ്ടപ്പെട്ടു. എൻ.എച്ച്. 47-നേയും എൻ.എച്ച്.17-നേയും ബന്ധിപ്പിക്കുന്ന കൊരട്ടി റയിൽവേ ഓവർബ്രിഡ്ജിന്റെ പണി പൂർത്തീകരിക്കുന്നതോടുകൂടി പട്ടണത്തിലെ ഗതാഗതവും മറ്റ് തിരക്കുകളും ക്രമാതീതമായി വർദ്ധിക്കും. ആയതുകൊണ്ട് വൈഗാ ത്രെഡ്സ് കമ്പനി നിലവിൽ ഉപയോഗിക്കാതെയിട്ടിരിക്കുന്ന സ്ഥലത്തുനിന്നും ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ, പാർക്കിംഗ് പ്ലേസ് എന്നിവ നിർമ്മിക്കുന്നതിന് അഞ്ചേക്കർ സ്ഥലം കൊരട്ടി ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഇന്ന് കൊരട്ടി പഴയകാല പ്രതാപത്തിലേക്ക് തിരിച്ചുവരികയാണ്. വളരെയധികം വ്യവസായ സ്ഥാപനങ്ങളുള്ളതും ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്നതുമായ സ്ഥലമാണ് കൊരട്ടി. പിന്നീട് അത് തകർന്ന് തകർന്ന് ഇവിടെ സൂചിപ്പിക്കപ്പെട്ട വൈഗ ത്രെഡ്സ് എന്നുപറയുന്ന പഴയ കൊരട്ടി മിൽ ഏതാണ്ട് 200-ഓളം തൊഴിലാളികൾ മാത്രമുള്ള സ്ഥാപനമായി ചുരുങ്ങിവന്നു. ഗവൺമെന്റ് 84.85 ഏക്കർ ഭൂമിയാണ് 99 വർഷത്തേക്ക് മെസേഴ്സ് വൈഗാ ത്രെഡ്സ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്നത്. ആ സ്ഥാപനത്തിൽ വളരെ കുറച്ച് തൊഴിലാളികളാണുള്ളത്. കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം മാത്രമാണ് കമ്പനി ഉപയോഗിക്കുന്നത്. പാട്ട വ്യവസ്ഥകൾ ലംഘിക്കുകയും ഭൂമി അവർ കൈവശപ്പെടുത്തുകയും ചെയ്തതിന് എതിരായി സർക്കാർ ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി 45.43 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു. ഇതിൽ 30 ഏക്കർ ഭൂമി ഗവൺമെന്റിന്റെ കയ്യിൽ വന്നുകഴിഞ്ഞു. ആ 30 ഏക്കർ സ്ഥലം സംസ്ഥാന ഐ.ടി. പാർക്കിനായി ഗവൺമെന്റ് ഇതിനകംതന്നെ നൽകുകയും ഈ 30 ഏക്കറിൽ പ്രശസ്തമായ പല ഐ.ടി. കമ്പനികളുടെയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. വരുന്ന ജനുവരിമാസം 22-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുകൂടി കമ്പനികൾ അവിടെ ഉദ്ഘാടനം ചെയ്യുകയാണ്. അപ്പോൾ ഒന്നുകൂടി ആ സ്ഥലത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. ഏറ്റെടുത്ത 45.43 ഏക്കറിൽ 30 ഏക്കർ മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളു. ബാക്കി 15.43 ഏക്കറിന് വീണ്ടും ഈ കമ്പനി ഹൈക്കോടതിയിൽ കേസ്സ് കൊടുക്കുകയും ഒട്ടേറെ നിയമപ്രശ്നങ്ങളുണ്ടാക്കുകയുമാണ്. എന്നാലും കേസ്സിൽ നല്ലവണ്ണം ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. ഗവൺമെന്റിന് അനുകൂലമായി വിധി വരും. ഈ സ്ഥലം നമുക്ക് ലഭ്യമാകും. കമ്പനിക്ക് ഇത്രയും സ്ഥലം ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. നമ്മുടെ പോയിന്റ്സ് എല്ലാം കോടതി അംഗീകരിച്ചു കഴിഞ്ഞു. അതുകൊണ്ടാണ് 30 ഏക്കർ സ്ഥലം നമുക്ക് അനുകൂലമായി കിട്ടിയത്. പിന്നെ അവർ കൊടുത്ത കേസ്സാണ്. സെയിം കേസ്സായതുകൊണ്ട് ഗവൺമെന്റിന് അനുകൂലമായിട്ടേ വരികയുള്ളു. അതുകൂടി കിട്ടുന്ന മുറയ്ക്ക് കമ്പനിക്ക് ആവശ്യമുള്ള ഭൂമി മാറ്റിവച്ച് ബാക്കിയുള്ള ഭൂമികൂടി ഏറ്റെടുക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബസ് സ്റ്റാന്റിനും ഷോപ്പിംഗ് കോംപ്ലക്സിനും പഞ്ചായത്തിന്റെ പൊതു വികസന പ്രവർത്തനത്തിനും ആവശ്യമായ അഞ്ച് ഏക്കർ ഭൂമി ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്തും എം.എൽ.എ.യും ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട് ഏക്കർ ഭൂമി ഈ ആവശ്യത്തിനുവേണ്ടി പഞ്ചായത്തിന് കൈമാറാൻ കഴിയുമോയെന്നാണ് പരിശോധിക്കുന്നത്. ആ രണ്ട് ഏക്കറിൽനിന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ അവിടെ നടത്തേണ്ടത് ആവശ്യമാണ്. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(20) കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

<u>ശ്രീ. ആർ. സെൽവരാജ്</u> : സർ, നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാർ ജലാശയത്തിന്റെ കരയിൽ താമസിക്കുന്ന കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്നതാണ് എന്റെ സബ്മിഷൻ. നെയ്യാർ ജലാശയത്തിന്റെ കരയിൽ വർഷങ്ങളായി കൃഷിചെയ്തും കൈവശം വച്ച് അനുഭവിച്ചും വീടുവച്ചും താമസിക്കുന്ന കൃഷിക്കാർക്ക് പട്ടയം ലഭിക്കണമെന്ന ആവശ്യത്തിന് അനേക വർഷത്തെ പഴക്കമുണ്ട്. വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വിളവൂർക്കൽ മലയിലെ അഞ്ചുചങ്ങല പ്രദേശം അടങ്ങിയതാണ് പ്രസ്തുത സ്ഥലം. ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും കൃഷിക്കാരും

LIBRARY ARCHIVES Kerala Legislative Assembly